**പതിമൂന്നാം കേരള നിയമസഭ**
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.T 4314 — 27.06.2013-ൽ മറുപടിക്ക്

# ഓൾ ഇന്ത്യാ സർവ്വീസിന് പഠന കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ. സി.കെ. നാണു | മറുപടി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
|---|---|
| എ) ഓൾ ഇന്ത്യാ സർവ്വീസിന് വിദ്യാർത്ഥികളെ സജ്ജമാക്കുവാൻ കേരളത്തിൽ എവിടെയെല്ലാമാണ് പഠന കേന്ദ്രങ്ങൾ ഉള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ സിവിൽ സർവീസിന് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. ഇതുകൂടാതെ പൊന്നാനിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ചിലും സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന ക്ലാസ്സുകൾ നടത്തപ്പെടുന്നു. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നും ഉള്ള സൌകര്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (ബി) കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിലും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ചിലും സിവിൽ സർവ്വീസ് പ്രിലിമിനറി കോഴ്സിന് പ്രവേശനം നൽകുന്നത് സ്ഥാപനത്തിൽ നടത്തപ്പെടുന്ന ഒരു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ്. ടി പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുന്നവർക്ക് പ്രസ്തുത കോഴ്സിലേക്ക് അഡ്മിഷൻ നൽകിവരുന്നു. ഏതെങ്കിലും വിഷയത്തിൽ ബിരുദം ഉള്ള വിദ്യാർത്ഥികൾക്ക് ടി പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.<br>സിവിൽ സർവീസ് മെയിൻ പരീക്ഷ പാസ്സായ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇന്റർവ്യൂവിന് സൌജന്യ പരിശീലനം നൽകിവരുന്നുണ്ട്. അക്കാഡമി നൽകുന്ന മറ്റു സൌകര്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. പരിചയ സമ്പന്നരായ പ്രഗത്ഭ |

അദ്ധ്യാപകർ

2. സർവ്വീസിലുള്ളവരും റിട്ടയർ ചെയ്തവരുമായ പ്രമുഖ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുമായി അവരുടെ അനുഭവ സമ്പത്ത് പങ്കു വയ്ക്കുവാനുള്ള അവസരം

3. ദേശീയ പ്രാധാന്യമുള്ള പ്രമുഖ വ്യക്തികളുടെ പ്രഭാഷണങ്ങൾ

4. ഉന്നത നിലവാരത്തിലുള്ള ഓൺ ലൈൻ സൌകര്യത്തോടുകൂടിയുള്ള ലൈബ്രറി സൌകര്യം

5. അതതു ദിവസങ്ങളിൽ ലൈബ്രറിയിൽ നിന്നും ആർജ്ജിക്കുന്ന അറിവ് പരിശീലകരുമായി പങ്കു വച്ച്, അതിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്ന പ്രക്രിയ

6. ജൂനിയർ ഐ.എ.എസ്/ഐ.പി.എസ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ അസൈൻമെന്റുകളുടെ അവലോകനം

7. ഓരോ വിദ്യാർത്ഥിക്കും വ്യക്തിപരമായ പരിഗണന, ആഴ്ചതോറുമുള്ള നിർബന്ധിത മോഡൽ പരീക്ഷ, നിർബന്ധിത ഇംഗ്ലീഷ് ക്ലാസ്സുകൾ

സെക്ഷൻ ഓഫീസർ